**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1760** **02-02-2024 - ൽ മറുപടിയ്ക്ക്**

**മൊകേരി ഗവൺമെന്റ് കോളേജിലെ ലേഡീസ് ഹോസ്റ്റൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മൊകേരി ഗവൺമെന്റ് കോളേജിലെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിന് എന്നാണ് ഭരണാനുമതി ലഭിച്ചത് എന്ന് വ്യക്തമാക്കുമോ; ഈ പ്രവൃത്തിയുടെ ഭാഗമായി എന്തൊക്കെ നിർമ്മാണങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ; | (എ) | **മൊകേരി ഗവണ്മെന്റ് കോളേജിലെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിന് 27.03.2018 ൽ ഭരണാനുമതി നൽകിയിരുന്നു. സിവിൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് വർക്കുകളാണ് ടി പ്രവർത്തിയിൽ ഉൾപ്പെട്ടിരിക്കുന്നത്. ആധുനിക സംവിധാനങ്ങളോട് കൂടിയ മികച്ച അടിസ്ഥാന സൗകര്യം ഹോസ്റ്റൽ അന്തേവാസികൾക്ക് പ്രദാനം ചെയ്യുന്നതിനുതകുന്ന രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് ടി പദ്ധതിയിലൂടെ നിർവഹിക്കുവാൻ വകുപ്പ് ലക്ഷ്യമിടുന്നത്.** |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടും, നിർവ്വഹണത്തിലേക്ക് കടക്കാൻ സാധിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (ബി) | **ലേഡീസ് ഹോസ്റ്റൽ നിർമാണത്തിനായി സ്ഥലം കൈമാറുകയും പ്രവർത്തി ആരംഭിക്കുകയും ചെയ്തിരുന്നു. പൈലിങ് വർക്ക് ആരംഭിച്ചപ്പോൾ വലിയ പാറകൾ ഉള്ളതിനാൽ പൈലിങ് നടത്താൻ കഴിഞ്ഞില്ല. തുടർന്ന് കിഫ്ബി സ്റ്റോപ്പ് മെമ്മോ നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടും, നിർവഹണത്തിലേക്ക് കടക്കാൻ സാധിക്കാത്ത അവസ്ഥ സംജാതമായതിനെ തുടർന്ന് 28.02.2023, 11.10.2023 തീയതികളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ നടത്തിയ യോഗതീരുമാനപ്രകാരം റിവൈസ്ഡ് പ്ലാനും എസ്റ്റിമേറ്റും KITCO തയ്യാറാക്കി KIIFB യുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ